പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ</u>
<u>ചോദ്യം നമ്പർ: 2471</u>

<u>19/06/2013 ൽ മറുപടിയ്ക്ക്</u>

## <u>പുലിമുട്ടുകൾ സ്ഥാപിക്കുന്നതിന് ചെന്നൈ ഐ.ഐ.ടി. യുടെ പഠനം</u>

<u>ചോദ്യം</u>

ശ്രീ. എസ്. ശർമ്മ

<u>മറുപടി</u>

ശ്രീ.പി.ജെ.ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കടലാക്രമണ സാധ്യതയുള്ള മേഖലകളിൽ പുലിമുട്ടുകൾ സ്ഥാപിക്കുന്നതിന് ചെന്നൈ ഐ.ഐ.ടി. പഠനം നടത്തുകയും, പുലിമുട്ടുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ നിർദ്ദേശിച്ച് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ കേരളത്തിലെ ഏതെല്ലാം പ്രദേശങ്ങളാണ് ഇത്തരത്തിൽ പുലിമുട്ടുകൾ സ്ഥാപിക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ടിരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ബന്ധപ്പെട്ട ജില്ല തിരിച്ചുള്ള വിവരങ്ങൾ താഴെ പറയുന്നു:<br>1. <u>തിരുവനന്തപുരം</u>:<br>പനത്തുറക്കര, ബീമാപള്ളി, പൂന്തുറ<br>2. <u>കൊല്ലം</u>:<br>താന്നി, വളവിൻതോപ്പ്, ചെറിയഴീക്കൽ, ജയന്തി കോളനി, പതിയങ്കര, ചവറ, പന്മന, ആലപ്പാട്, മുക്കം.<br>3. <u>ആലപ്പുഴ:</u><br>കാട്ടൂർ, കടക്കരപ്പള്ളി, അന്ധകാരനഴി, കായംകുളം,<br>4. <u>എറണാകുളം:</u><br>കണ്ടേക്കാട്, ഫിഷിംഗ് ഗ്യാപ്, നായരമ്പലം, കണ്ണമാലി, മാലാഖപ്പടി, എടവനക്കാട് (North)<br>5. <u>മലപ്പുറം:</u><br>കാപ്പിരിക്കാട്, പൊന്നാനി ഫിഷിംഗ് ഹാർബർ, ചീരൻകണ്ടപുരം<br>6. <u>കോഴിക്കോട്:</u><br>പൂഴിത്തല, കല്ലായി അഴിമുഖം<br>7. <u>കണ്ണൂർ</u>:<br>പെട്ടിപ്പാലം, ചൂട്ടാട് എക്സ്ചൊറി<br>8. <u>കാസർഗോഡ് :</u><br>കസബ |

| | | | |
|---|---|---|---|
| (സി) | ചെന്നൈ ഐ.ഐ.ടി. ഡിസൈൻ ചെയ്ത പ്രകാരം ഇതുവരെ എത്ര പുലിമുട്ടുകൾ എവിടെയെല്ലാം സ്ഥാപിച്ചുവെന്നും, ഇനിയും ഏതെല്ലാം പ്രദേശങ്ങളിൽ സ്ഥാപിക്കുവാൻ ഉണ്ടെന്നും ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയെന്തെന്നും വ്യക്തമാക്കാമോ? | (സി) | തിരുവനന്തപുരം ജില്ലയിലെ പനത്തുറ പ്രദേശത്ത് 2 പുലിമുട്ടുകളും പൂന്തുറ പ്രദേശത്ത് 8 പുലിമുട്ടുകളും പൂർത്തിയാക്കി. കൊല്ലം ജില്ലയിൽ ആലപ്പാട് പഞ്ചായത്തിലെ ജയന്തി കോളനിയിൽ 4 പുലിമുട്ടുകൾ നിർമ്മിച്ചു. നായരമ്പലം ഭാഗത്ത് 6 പുലിമുട്ടുകളും എടവനക്കാട് 2 പുലിമുട്ടുകളും കണ്ണമാലി, മാലാഖപ്പടി എന്നീ പ്രദേശങ്ങളിൽ ഓരോ പുലിമുട്ടുവീതവും സ്ഥാപിച്ചിട്ടുണ്ട്. കോഴിക്കോട് കോർപ്പറേഷനിൽ കല്ലായി അഴിമുഖത്ത് 2 പുലിമുട്ടുകൾ സ്ഥാപിച്ചിട്ടുണ്ട്.<br>പനത്തുറ പ്രദേശത്ത് 8 പുലിമുട്ടുകൾ സ്ഥാപിക്കാൻ പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നു. ബീമാപള്ളിയിൽ 8 പുലിമുട്ടുകൾ നിർമ്മിക്കാനുള്ള എസ്റ്റിമേറ്റ് സർക്കാരിൽ പരിശോധിച്ചുവരുന്നു.<br>കണ്ണമാലി, മാലാഖപ്പടി എന്നിവിടങ്ങളിൽ 2 പുലിമുട്ടുകൾ വീതവും, എടവനക്കാട് 4 പുലിമുട്ടുകളും സ്ഥാപിക്കാനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ചേമഞ്ചേരി പഞ്ചായത്തിൽ കോരപ്പുഴ അഴിമുഖം, വടകര മുനിസിപ്പാലിറ്റിയിൽ ആനാട് കടപ്പുറം, കടലുണ്ടി അഴിമുഖം, അയതിക്കാട് കുരിയാടി കടപ്പുറം, പുതിയങ്ങാടി പള്ളിക്കണ്ടി കോതി കടപ്പുറം, പള്ളിക്കണ്ടി മുവദാർ, കല്ലായി അഴിമുഖം (രണ്ടാം ഘട്ടം) കോഴിക്കോട് കടപ്പുറം എന്നിവിടങ്ങളിൽ പുലിമുട്ട സ്ഥാപിക്കാനുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ